

<u>പ്രസിദ്ധീകരണത്തിന്</u>

# <u>ശ്രീ ചിത്ര ഡയറക്ടർ പ്രൊഫസർ കെ ജയകുമാർ വിരമിച്ചു</u>

കാർഡിയാക്-തോറാസിക് സർജറി വിഭാഗത്തിലെ സീനിയർ പ്രൊഫസറും , ശ്രീ ചിത്ര തിരുനാൾ  ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറുമായ പ്രൊഫസർ കെ ജയകുമാർ , രണ്ടു പതിറ്റാണ്ട് കാലം ശ്രീ ചിത്രയിൽ  സേവനമനുഷ്ഠിച്ച ശേഷം, ഇന്നലെ വിരമിച്ചു

1981 ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാർഡിയോത്തോറാസിക് സർജറി ലക്ചറായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം, തുടർന്ന്  1995 ൽ. സൗത്ത് ഓസ്‌ട്രേലിയയിലെ അഡ്‌ലെയ്ഡിലെ  റോയൽ അഡ്ലെയ്ഡ് ഹോസ്പിറ്റലിൽ കാർഡിയോ-തോറാസിക് സർജറിയിൽ  സീനിയർ രജിസ്ട്രാറായി ജോലി നോക്കി.

വീണ്ടും  തിരുവനന്തപുരം മെഡിക്കൽ കോളേജിൽ  കാർഡിയോത്തോറാസിക് സർജറി വിഭാഗത്തിൽ പ്രൊഫസറായി  പ്രവേശിക്കുകയും,  കൊറോണറി ആർട്ടറി ബൈപാസ് സർജറിയുടെ സ്ഥിരവിഭാഗം  ആരംഭിക്കുകയും ചെയ്തു. കൂടാതെ കാലിക്കട്ട് മെഡിക്കൽ കോളേജിലും പ്രവർത്തിച്ചു.

പിന്നീട് 2001-ൽ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ കാർഡിയോവാസ്കുലർ & തോറാസിക് സർജറി വിഭാഗത്തിൽ.പ്രൊഫസറായി നിയമിക്കപ്പെട്ട അദ്ദേഹം , 2021 വരെയുള്ള സേവനകാലത്ത് പതിനായിരത്തിലധികം പ്രധാന ഹൃദയ ശസ്ത്രക്രിയകൾ നടത്തി. അദ്ദേഹത്തിന് കീഴിൽ നൂറിലധികം റെസിഡന്റ്സ് പരിശീലനം നേടി . വിവിധ അന്താരാഷ്ട്ര, ദേശീയ ശാസ്ത്ര ജേണലുകളിലായി 200 ഓളം പ്രസിദ്ധീകരണങ്ങളും അദ്ദേഹത്തിനുണ്ട്.

ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ ആൻഡ് തോറാസിക് സർജൻസ് പ്രസിഡന്റായും പ്രവർത്തിച്ചു.

2006 ൽ, ശ്രീ ചിത്രയിലെ ഗവേണിംഗ് ബോഡി അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു, 2014 മുതൽ SCT -TIMED സ്ഥാപക ഡയറക്ടർ ബോർഡ് അംഗമായിരുന്നു.

മുതിർന്നവർക്കുള്ള കാർഡിയാക് സർജറി, അയോർട്ടിക് സർജറി, പൾമണറി ത്രോംബോഎണ്ടാർടെറെക്ടമി, സർജിക്കൽ വെൻട്രിക്കുലാർ റീസ്റ്റോറേഷൻ പ്രക്രിയകൾ എന്നീ സര്ജറികളിൽ പ്രാവീണ്യം നേടിയ കെ ജയകുമാർ നാലു പതിറ്റാണ്ടു കാലം ഈ രംഗത്ത് പ്രവർത്തിച്ച അപൂർവം പ്രതിഭകളിൽ ഒരാളാണ്.

DST@ 1971-2021
विज्ञान एवं प्रौद्योगिकी विभाग
DEPARTMENT OF SCIENCE & TECHNOLOGY